**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 842 — 30.10.2019 ലെ മറുപടിയ്ക്ക്.

## തൃശ്ശൂർ ജില്ലയിലെ പഠന മുറി പദ്ധതി

| ചോദ്യം<br>ശ്രീ.കെ. രാജൻ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | സ്വന്തം വീടുകളിൽ ആവശ്യമായ പഠന സൗകര്യങ്ങൾ ഇല്ലാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 5038 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും ഇനി എത്രപേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | പഠനമുറി പദ്ധതിപ്രകാരം തൃശ്ശൂർ ജില്ലയിൽ 2017-18 വർഷം 743 പേർക്കും 2018-19 വർഷം 535 പേർക്കും 2019-20 വർഷം 540 പേർക്കും ഉൾപ്പെടെ ആകെ 1818 പേർക്ക് പഠനമുറി പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇതിൽ 816 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1002 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലാണ്. നിലവിൽ ലഭ്യമായ 3220 അപേക്ഷകളിൽ ഇനിയും ധനസഹായം അനുവദിക്കാൻ അവശേഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ